36435/16

# വകുപ്പുതല കണക്ക് പരിശോധന റിപ്പോർട്ട് ബ്ലോക്ക് പട്ടികജാതിവികസന ആഫീസ് അഞ്ചൽ ബ്ലോക്ക് കൊല്ലം ജില്ല

| | | |
|---|---|---|
| പരിശോധനാ കാലയളവ് | : | 1.4.2011 മുതൽ 31.3.13 വരെ |
| പരിശോധന തീയതി | : | 19.4.2016 മുതൽ 21.4.2016 വരെ |
| പരിശോധന വിഭാഗം | : | ഫിൻ. ഇ. ആഡിറ്റ് വിഭാഗം |

**പരിശോധനാ ടീം അംഗങ്ങൾ**

| | | |
|---|---|---|
| കെ. പ്രസാദ് | : | ജൂനിയർ സൂപ്രണ്ട് |
| കെ. കെ. ശ്രീരാജ് | : | ക്ലാർക്ക് (HG) |

പട്ടികജാതി വികസന ഡയറക്ടറേറ്റ്
തിരുവനന്തപുരം

**പരിശോധന കാലയളവിലെ ഉദ്യോഗസ്ഥർ**

**പട്ടികജാതി വികസന ആഫീസർ ഗ്രേഡ്-I**

1. ശ്രീ. ജി. പ്രഭാകരകുറുപ്പ് : 25.06.2007 മുതൽ 05.01.2013 വരെ
2. ശ്രീ. വി. സജീവ് : 06.01.13 മുതൽ 28.01.13 വരെ
3. ശ്രീമതി. പി. സബിത : 29.01.13 മുതൽ 16.07.14 വരെ
4. ശ്രീ. അരവിന്ദാക്ഷൻ ചെട്ടിയാർ : 17.07.14 മുതൽ 25.07.14 വരെ
5. ശ്രീ. വിൽസൺ മത്തായി : 30.10.14 മുതൽ 31.12.15 വരെ
6. ശ്രീ. കെ. എസ്. സുദർശനൻ ആശാരി : 01.01.2016 മുതൽ തുടരുന്നു.

## പാർട്ട്-എ

### ആമുഖം

1. വകുപ്പ് തല പരിശോധന

01.04.09 മുതൽ 31.3.2011 വരെയുള്ള കാലയളവിലെ പരിശോധന ഫിൻ. ഡി. വിഭാഗം 27.1.16 മുതൽ 30.1.16 വരെ നടത്തിയതായി കാണുന്നു. എന്നാൽ പ്രസ്തുത പരിശോധന റിപ്പോർട്ട് പരിശോധനാ ദിവസം വരെ ബ്ലോക്കിൽ ലഭിച്ചിട്ടില്ല. 31.3.09 വരെയുള്ള കാലയളവിലെ പരിശോധന റിപ്പോർട്ടിലെ നടപടികൾ പൂർത്തീകരിച്ച് ഫയൽ തീർപ്പാക്കിയിട്ടുള്ളതാണ്.

## 2.അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന

1.11.14 മുതൽ 31.10.15 വരെയുള്ള ആഡിറ്റ് റിപ്പോർട്ടിനുള്ള മറുപടി അയച്ചുകൊടുത്തിട്ടില്ല. 1.11.14 വരെയുള്ള താഴെപ്പറയുന്ന ഖണ്ഡികകൾക്കുള്ള മറുപടി അയച്ചു കൊടുത്തിട്ടുള്ളത് എ. ജി. അംഗീകരിച്ച് ഫയൽ തീർപ്പാക്കിയിട്ടില്ല.

(i) OA(HQ) IV /11/12-604/08-09 Part II A-I B-I, II, III, IV

(ii) OA(HQ) IV /11/12-256/12-13 Part II B- I, II, III, IV

(iii) OA(HQ) IV /11/12-113/13-14 Part II B-I, II, III, IV,V

(iv) OA(HQ) IV /11/12-170/14-15 Part II B -I, II, III,

അവസാന ആഡിറ്റ് റിപ്പോർട്ടിനുള്ള മറുപടി അടിയന്തിരമായി അയച്ചു കൊടുത്ത് ഫയൽ തീർപ്പാക്കേണ്ടതാണ്.

## പാർട്ട്-ബി

### I ക്യാഷ് ബുക്കും/ബിൽ ബുക്കും

ക്യാഷ് ബുക്ക് പ്രകാരം 19.4.16 ന് 2,64,465/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ക്യാഷ് ബുക്ക് പ്രകാരം 31.3.12 ൽ 5,93,825/- രൂപയും 31.3.13 ൽ 9.09.454/- രൂപ നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

1. 16.8.2011, 17.8.11, 19.8.11, [illegible], 26.8.11, 22.2.2012 എന്നീ തീയതികളിലെ ക്യാഷ് ബുക്കിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി [illegible] പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തേണ്ടതും വിവരം റിപ്പോർട്ടു ചേയ്യേണ്ടതുമാണ്.

2. 17.7.12 ലും 19.7.12 ലും ക്യാഷ്ബുക്കിൽ [illegible] പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

ക്യാഷ് ബുക്കിൽ ഒരു പേജിൽ ഒരു ദിവസത്തെ വരവും ചെലവും രേഖപ്പെടുത്തണമെന്നിരിക്കെ ഒരു പേജിൽ വിവിധ തീയതികളിലായിട്ടുള്ള വരവും ചെലവും രേഖപ്പെടുത്തി കാണുന്നു. ഇതു ശരിയായ പ്രവണത അല്ല.

3. 16.02.2012 ൽ [illegible] പട്ടികജാതി വികസന ആഫീസർ ചാർജജ്ജ് കൈമാറിയപ്പോൾ 126775/- രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. എന്നാൽ Abstract എഴുതിയല്ല ചാർജ്ജ് കൈമാറ്റം ചെയ്തിരിക്കുന്നത്. ഇതു കാരണം ഏത് ബില്ല് പ്രകാരമുള്ള തുകകളാണ് ബാലൻസ് ഉള്ളതെന്ന് അറിയുവാൻ കഴിയുന്നില്ല.

4. 16.7.12 ൽ ശ്രീ. സജീവ് [illegible] പട്ടികജാതി വികസന ആഫീസർ ചാർജ്ജ് കൈമാറ്റം ചെയ്തപ്പോഴും Abstract എഴുതിയിരുന്നില്ല. അന്നേ ദിവസം 7,38,630/- രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. Abstract എഴുതാത്തതിനാൽ ഈ തുകയും ഏതൊക്കെ ബിൽ പ്രകാരം മാറിയ തുകയാണെന്ന് അറിയുവാൻ കഴി യുന്നില്ല.

ക്യാഷ് ബുക്ക് വളരെ അലക്ഷ്യമായിട്ടാണ് കൈകാര്യം ചെയ്തിരിക്കുന്നത്. ധാരാളം വെട്ടിത്തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. 11.2.13, 28.2.13, 5.3.13, 30.3.13 തീയതികളിൽ വെട്ടിത്തിരുത്തൽ വരുത്തിയിട്ടുണ്ട്.

5. 1.9.10 മുതൽ 26.8.2011 വരെയുള്ള ക്യാഷ് ബുക്കിൽ പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല.

6. ക്യാഷ് ബുക്കിൽ ധാരാളം പേജുകൾ ക്യാൻസൽ ചെയ്തതായി കാണുന്നു. Cash Book-7 പേജ് നമ്പർ 68,72,91,96 Cash Book-8 Page No.7, 13, 21, 22, 36, 57 Cash Book-9 Page No.46,47

II. **TR5 രസീത്**

നിലവിൽ TR5 ബുക്ക് ഉപയോഗിക്കുന്നില്ല.

III **എസ്റ്റാ അകൗണ്ട്സ്**

പ്രത്യേക പരാമർശം ഇല്ല

IV **പ്രൊമോട്ടർ അകൗണ്ട്സ്**

പ്രത്യേക പരാമർശം ഇല്ല

V **പേ ബിൽ രജിസ്റ്റർ**

സ്റ്റൈപ്പന്റ് ആഡിറ്റ് രജിസ്റ്ററാണ് പേബിൽ രജിസ്റ്ററായി ഉപയോഗിച്ചു വരുന്നത്. ഇത് ശരിയായ പ്രവണത അല്ല. യഥാർത്ഥ രജിസ്റ്ററിൽ തന്നെ വിവരങ്ങൾ രേഖപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

VI **ചെല്ലാൻ ഫയൽ**

പ്രത്യേക പരാമർശം ഇല്ല

VII **എസ്. സി. പ്രൊമോട്ടർ വർക്ക് ഡയറി**

പ്രത്യേക പരാമർശം ഇല്ല

VIII **സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ**

1.10.2009 മുതൽ സെക്യൂരിറ്റി രജിസ്റ്ററിലാണ് വിവരങ്ങൾ രേഖപ്പെടുത്തി വരുന്നത്. യഥാർത്ഥ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്

IX **ലാപ്ടോപ്പ്** / **BSNL Modem** — ഇവ രണ്ടും വർക്ക് ചെയ്യുന്നില്ല. അടിയന്തിരമായി ഇവ രണ്ടും പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

മൊബൈൽ ഫോൺ, പ്രിന്റർ എന്നിവ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സ്കാനർ വർക്ക് ചെയ്യുന്നില്ല. ഇവയും അടിയന്തിരമായി പ്രവർത്തിപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

X **ഫർണീച്ചർ രജിസ്റ്റർ**

പ്രത്യേക പരാമർശമില്ല.

XI **വിജ്ഞാൻവാടി**

സ്റ്റോക്ക് രജിസ്റ്ററും അക്വിറ്റൻസും പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്റ്റർ പരിശോധിച്ചതിൽ 2012-13, 2013-14 വർഷങ്ങളിലായി 30,000/- രൂപ അനുവദിച്ചിരുന്നതിൽ 15455/- രൂപ ചെലവഴിക്കുകയും . 14545/- രൂപ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു.

## പാർട്ട്-സി

### വിവിധ പദ്ധതികൾ

I **ഭൂരഹിത ധനസഹായം(അക്വിറ്റൻസ്)**

മൂന്ന് ഗുണഭോക്താക്കൾക്കായി 4,50,000/- രൂപ 18/2/13 ൽ ഒരാൾക്കും 22.2.13 ൽ 2 പേർക്കും തുക വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ഏത് ബില്ല് പ്രകാരമാണ് തുക വിതരണം ചെയ്തതെന്ന് വ്യക്തമാകുന്നില്ല.

ബിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല

ഗ്രോസും നെറ്റും തുക എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല.

Abstract എഴുതിയിട്ടില്ല.

രജിസ്റ്റർ പരിശോധിച്ചതിൽ ഗുണഭോക്താവിന്റെ ഫോട്ടോ പതിപ്പിച്ച് പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഇത് ഗുരുതരമായ വീഴ്ച യാണ്. രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളിൽ 12 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല എന്നുള്ള വ്യവസ്ഥയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് ശരിയായ നടപടി അല്ല. അനന്തര അവകാശികൾക്കല്ലാതെ മറ്റാർക്കും കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല എന്നുള്ള വ്യവസ്ഥയിൽ വേണം മേലിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടത്.

പദ്ധതി പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

1. CB 27/Land/11-12 Rs. 9 ലക്ഷം തീയതി 17.1.2012 ശ്രീമതി. ലക്ഷമി, ഇളവരാംകുഴി വിളക്കുപാറ പി. ഒ. എന്നയാൾക്ക് ഭൂമി വാങ്ങുന്നതിനായി വസ്തു ഉടമ സുരേന്ദ്രൻ ആന്റ് തങ്കച്ചി 7-ാം ബ്ലോക്ക് കേളൻകാവ് എന്ന യാൾക്ക് 1,50,000/- രൂപ നല്കിയിട്ടുണ്ട്. (1.7.2012 ൽ) എന്നാൽ ലക്ഷമി യുടെ ജാതി, വരുമാനം, കുടുംബ ഓഹരി സർട്ടിഫിക്കറ്റ് ഗ്രാമപഞ്ചായ ത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലന്നുള്ള സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷകയിൽ നിന്നും വാങ്ങാതെയാണ് ഭൂമി ആനുകൂല്യം നല്കിയിരി ക്കുന്നത്. ഇത് ശരിയായ നടപടി അല്ല.

2. CB 28/Land & House/11-12 G.N . 10,50.000/- തീയതി 31.1.12

അജയകുമാർ, തടത്തിവിള, ആർച്ചൽ നെടിയ. പി. ഒ. ഏരൂർ ഗ്രാമപഞ്ചാ യത്ത് എന്നയാൾ ശ്രീമതി. ഉഷ, ഗീത ഭവൻ ആച്ചൽ, ഏരൂർ എന്ന ആളിൽ നിന്നും വസ്തു വാങ്ങിയതിന് 1.50 ലക്ഷം രൂപ 31.1.12 ൽ നല്കിയിട്ടുണ്ട്. ഇവരിൽ നിന്നും മേൽ വിവരിച്ച സർട്ടിഫിക്കറ്റുകൾ ഒന്നും വാങ്ങാതെ യാണ് തുക നല്കിയിട്ടുള്ളത്.

3. CB 28/Land & House/11-12 G.N . 10,50.000/- തീയതി 31.1.12 ശ്രീ. സനോജ്, കുന്നുംപുറത്ത് വീട്, മഠത്തിക്കോണം കുളത്തൂപ്പുഴ, പി. ഒ. എന്നയാൾ അബ്ദുൾ മിഗ്ദാദ്, ഷാജിന മൻസിൽ ഭാരതിപുരം. പി. ഒ കുളത്തൂപ്പുഴ എന്നയാളിൽ നിന്നും വസ്തു വാങ്ങിയതിന് 31.1.12 ൽ 1. 50 ലക്ഷം രൂപ നല്കിയതായി കാണുന്നു. എന്നാൽ ശ്രീ. സനോജിൽ നിന്നും മേൽ രേഖകൾ വാങ്ങാതെയാണ് തുക വിതരണം ചെയ്തിട്ടുള്ളത്.

4. CB/30/Land & House/11-12 G&N 21,00,000/തീയതി 9.2.12 ശ്രീ. സജി. എസ് മൈലമൂട്ടിൽ നിരപ്പുവിള വീട്, മാത്ര. പി. ഒ. പുനലൂർ

എന്നയാൾ ശ്രീ. ശിവദാസൻ ആശ, അമ്പിളി, മുതുരക്കാലവീട്, ഇടമൺ എന്നയാളുകളിൽ നിന്നും ഭൂമി വാങ്ങിയതിന് 9.2.12 ൽ 1.50 ലക്ഷം രൂപ നല്കിയിരുന്നു. എന്നാൽ ടിയാന്റെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ ഇല്ലാതെയാണ് തുക വിതരണം നടത്തിയിരിക്കുന്നത്.

5. CB 30/Land & House/11-12 തീയതി 9.2.12 21 ലക്ഷം രൂപ ശ്രീമതി. മഞ്ചു. വി. മഠത്തുകോണത്തു വീട് നീലമ്മാൾ, കരവാളൂർ, ശ്രീ. ശിവദാസൻ മുതുരക്കാലവീട് ഇടമൺ എന്നവരിൽ നിന്നും ഭൂമി വാങ്ങിയതിന് 9.2.12 ൽ 1.50 ലക്ഷം രൂപ .ആവശ്യമായ സർട്ടിഫിക്കറ്റുകൾ വാങ്ങാതെ തുക വിതരണം ചെയ്തതായി കാണുന്നു.

6. ശ്രീമതി. ചെല്ലമ്മ, കൊച്ചുപുത്തൻ പുരവീട് തടിക്കാട് അഞ്ചൽ എന്നയാൾ ആനന്ദൻ & അനിൽകുമാർ അനിത വിലാസം എന്നിവരിൽ നിന്നും ഭൂമി വാങ്ങിയതിന് 1.50 ലക്ഷം രൂപ 13.2.12 ൽ നല്കിയിരുന്നു. എന്നാൽ ജാതി, വരുമാനം ഗ്രാമപഞ്ചായത്തു സെക്രട്ടറി എന്നിവരുടെ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിരുന്നില്ല.

7. CB 32/Land & House/11-12 G&N 12,00,000/ തീയതി 22.2.12 ശ്രീമതി. സുശീല. അനിൽഭവൻ. ഇടമൺ. പി. ഒ. എന്നയാൾ ഷാജഹാൻ, താജ്മഹൽ ഇടമൺ എന്നിവരിൽ നിന്നും ഭൂമി വാങ്ങിയതിന് 1.50 ലക്ഷം രൂപ 27.2.12 ൽ കൈപ്പറ്റിയിരുന്നു. എന്നാൽ ജാതി, വരുമാനം, ഭർത്താവിന്റെ കുടുംബ ഓഹരി സർട്ടിഫിക്കറ്റ് എന്നിവ വാങ്ങാതെയാണ് തുക വിതരണം ചെയ്തിട്ടുള്ളത്.

8. ഭൂരഹിത ധനസഹായം അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡ പ്രകാരമുള്ള എല്ലാ സർട്ടിഫിക്കറ്റുകളും വാങ്ങി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ തുക നല്കാവൂ എന്നിരിക്കെ ഇപ്രകാരം ചെയ്ത നടപടി ന്യായീകരിക്കാവുന്നതല്ല. ആകയാൽ ഇതു സംബന്ധിച്ച വിശദീകരണം നല്കേണ്ടതാണ്.

## II **<u>മിശ്ര വിവാഹ ധനസഹായം</u>**

ഉത്തരവ് നമ്പർ എ6/2705/11 തീയതി 2 ലക്ഷം രൂപ 4 പേർക്ക് അക്വിറ്റൻസ് പ്രകാരം വിതരണം നടത്തിയി[illegible] ക്യാഷ് ബുക്കിൽ വരവും ചെലവും രേഖപ്പെടുത്തിയിട്ടില്ല. അക്വിറ്റൻസ് പേജ് 32, 33 എന്നിവയിൽ റവന്യൂ സ്റ്റാമ്പ് പതിപ്പിച്ചിട്ടില്ല. ആയതു സംബന്ധിച്ച

വിശദീകരണം നല്കേണ്ടതാണ്. മിശ്ര വിവാഹ ധനസഹായം സംബന്ധിച്ച പുരോഗതി വിവരം അനുബന്ധമായി ചേർക്കുന്നു.

## III വിവാഹധനസഹായം

1. ഉത്തരവ് നമ്പർ എ6/2767/10 തീയതി 19.3.11 Rs.3,90,000/- രൂപ തേർച്ച ചെയ്തിരുന്നു. ഈ തുക ക്യാഷ് ബുക്കിൽ വരവും ചെലവും രേഖപ്പെടുത്തിയിട്ടില്ല. ടി തുക അക്വിറ്റൻസ് പ്രകാരം വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റവന്യൂ സ്റ്റാമ്പ് പതിപ്പിച്ചിട്ടില്ല.
2. അക്വിറ്റൻസ് പേജ് നം. 45 മുതൽ 49 വരെ 18 പേർക്ക് 20,000/- രൂപ ക്രമത്തിൽ 3,60,000/- രൂപ വിതരണം ചെയ്തതായി കാണുന്നു. ടി തുക ക്യാഷ് ബുക്കിൽ വരവും ചെലവും രേഖപ്പെടുത്തിയിട്ടില്ല. അക്വിറ്റൻസിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ ഉത്തരവോ തീയതിയോ രേഖപ്പെടുത്തിയിട്ടില്ല. റവന്യൂ സ്റ്റാമ്പ് പതിപ്പിക്കാതെയാണ് തുക വിതരണം നടത്തിയതായി അക്വിറ്റൻസിൽ രേഖപ്പെടുത്തിയിരിക്കുന്നത്.
3. നമ്പർ എ6/2522/11 തീയതി 15.12.12 പ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് 20,000/- രൂപ വീതം 40,000/- രൂപ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ക്യാഷ്ബുക്കിൽ വരവും ചെലവും രേഖപ്പെടുത്തിയിട്ടില്ല. റവന്യൂ സ്റ്റാമ്പ് പതിപ്പിക്കാതെയാണ് തുക വിതരണം നടത്തിയതായി അക്വിറ്റൻസിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ധനസഹായവിതരണം സംബന്ധിച്ച പുരോഗതി വിവരം അനുബന്ധമായി ചേർക്കുന്നു.

## IV. ചികിത്സാ ധനസഹായം

പരിശോധന കാലയളവിൽ ചികിത്സാ ധനസഹായത്തിന് അനുവദിച്ച തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. പ്രത്യേക പരാമർശമില്ല. ചികിത്സാ ധനസഹായം സംബന്ധിച്ച പുരോഗതി വിവരം അനുബന്ധമായി ചേർക്കുന്നു.

## V. സൈക്കിൾ വിതരണം

2011-12 വർഷത്തിൽ വകുപ്പ് നടപ്പിലാക്കിയ സൈക്കിൾ വിതരണ പദ്ധതി പ്രകാരം 440 കുട്ടികൾക്കു വേണ്ടി 13,20,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

## VI വിജ്ഞാൻവാടി

ബ്ലോക്ക് പരിധിയിൽ ഒരു വിജ്ഞാൻവാടി പ്രവർത്തിക്കുന്നുണ്ട്. ഇതിലേയ്ക്ക് 2012-13, 2013-14 വർഷത്തിൽ 17010/- രൂപ അനുവദിച്ചിരുന്നു. ഇതിൽ 8725/- രൂപ ചെലവഴിക്കുകയും 8285/-രൂപ തിരികെ അടയ്ക്കുകയും ചെയ്ത

തായി കാണുന്നു. അക്വിറ്റൻസ് പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ട താണ്.

## VII സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം

1. 10.10.11 ലെ ക്യാഷ് ബുക്ക് പ്രകാരം കൊല്ലം ജില്ലാ പട്ടികജാതി വികസന ഓഫീസറിൽ നിന്നും CRDR പ്രകാരം 20,000/- രൂപ വാങ്ങി 10.10.11-ൽ ക്യാഷ് ബുക്കിൽ വരവ് രേഖപ്പെടുത്തുകയും അന്നേ ദിവസം 6500/- രൂപ ചെലവഴിച്ചതായും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക കുളത്തൂപ്പുഴ വിജ്ഞാൻവാടിക്കു വേണ്ടിയാണ് ചെലവഴിച്ചതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ചെലവ് സംബന്ധിച്ച വൗച്ചറുകൾ ഒന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. 14.10.11 ലെ ക്യാഷ് ബുക്ക് പ്രകാരം 13500/- രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക അനുവദിച്ചതു സംബന്ധിച്ച ഉത്തരവോ ഫയലോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
3. അലോട്ട്മെന്റ് രജിസ്റ്ററിൽ ഈ തുകയുടെ വരവോ ചെലവോ രേഖപ്പെടുത്തിയിട്ടില്ല.

## VIII ദുർബല വിഭാഗങ്ങൾക്കും ഭൂമി വാങ്ങൽ

2011-12 ൽ 6 പേർക്കും 2012-13 ൽ 1 ആൾക്കും 2013-14 ൽ 5 പേർക്കും ധനസഹായം അനുവദിച്ചിരുന്നു. ഈ ഇനത്തിൽ 27.75 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അക്വിറ്റൻസിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ധനസഹായ വിതരണം സംബന്ധിച്ച പുരോഗതി വിവരം അനുബന്ധമായി ചേർക്കുന്നു.

## IX സ്പെഷ്യൽ ഇൻസന്റീവ്

രജിസ്റ്റർ പരിശോധിച്ചതിൽ 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ സ്പെഷ്യൽ ഇൻസറ്റീവ് ഇനത്തിൽ തുകകൾ ഒന്നും അനുവദിച്ചതായി കാണുന്നില്ല.

## X പാരലൽ കോളേജ് (പട്ടികജാതി വിഭാഗം)

രജിസ്റ്റർ പരിശോധിച്ചതിൽ 2011-12 വർഷത്തിൽ യാതൊരു തുകയും അനുവദിച്ചിട്ടില്ല. 2012-13 ൽ 24 കുട്ടികൾക്കും 2013-14 ൽ 27 കുട്ടികൾക്കും വേണ്ടി 34,0075/- രൂപ

ചെലവഴിച്ചതായി കാണുന്നു. പ്രത്യേക പരാമർശമൊന്നുമില്ല.

XI **മറ്റർഹ വിഭാഗം**

2011-12 വർഷത്തിൽ തുക ഒന്നും അനുവദിച്ചിട്ടില്ല. 2012-13 ൽ 10 പേർക്കും 2013-14-ൽ 17 പേർക്കുമായി 1,75,799/- രൂപ അനുവദിച്ചു നല്കിയതായി കാണുന്നു. അക്വിറ്റൻസ് പ്രകാരം തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.

XII **പ്രീ പ്രൈമറി ധനസഹായം**

പരിശോധന കാലയളവിൽ യാതൊരു തുകയും ഈ ഇനത്തിൽ ചെലവഴിച്ചിട്ടില്ല.

XIII **ഫീസ്- റീ-ഇംബേഴ്സ്മെന്റ്**

2011-12 ൽ തുക വിതരണം ചെയ്തിട്ടില്ല. 2012-13-ൽ 11 കുട്ടികൾക്കും 2013-14- ൽ 10 കുട്ടികൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് 27,993/- രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പരാമർശം ഇല്ല.

XIV **അയ്യൻകാളി ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കീം**

2011-12 ൽ 1 കുട്ടിക്കും 2012-13 ൽ 18 കുട്ടികൾക്കും 2013-14-ൽ 13 കുട്ടികൾക്കും വേണ്ടി 1,48,500/-രൂപ അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്. പ്രത്യേക പരാമർശമൊന്നുമില്ല

XV **സർവ്വീസ് ബുക്ക്**

ശ്രീ. ജയകുമാർ സീനിയർ ക്ളാർക്ക്

1. 2014 ന് ശേഷം സർവ്വീസ് വെരിഫിക്കേഷൻ ചെയ്തിട്ടില്ല
2. പേ ഫിക്സേഷൻ ചെയ്തിട്ടില്ല
3. സർവ്വീസ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**അനുബന്ധം**

**ഭൂരഹിത ധനസഹായം** 1.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ഡി. ഡി. ഒ യിൽ നിന്നും അനുദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ ചെയ്ത തുക |
|---|---|---|---|---|
| 2011-12 | 60 | 96,00,000 | 89,90,000 | 6,10,000 |
| 2012-13 | 64 | 10050000 | 9600000 | 450000 |
| 2013-14 | 60 | 9000000 | 900000 | --- |

2.വിവാഹധനസഹായം

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ഡി. ഡി. ഒ യിൽ നിന്നും അനുദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ ചെയ്ത തുക |
|---|---|---|---|---|
| 2011-12 | 54 | 1070000 | 1070000 | --- |
| 2012-13 | 39 | 970000 | 970000 | -- |
| 2013-14 | 109 | 5220000 | 5170000 | 5000 |

3.മിശ്ര വിവാഹ ധനസഹായം

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ഡി. ഡി. ഒ യിൽ നിന്നും അനുദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ ചെയ്ത തുക |
|---|---|---|---|---|
| 2011-12 | 11 | 370000 | 370000 | --- |
| 2012-13 | 7 | 350000 | 350000 | -- |
| 2013-14 | 8 | 370000 | 370000 | |

4. ചികിത്സാ ധനസഹായം

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ഡി. ഡി. ഒ യിൽ നിന്നും അനുദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ ചെയ്ത തുക |
|---|---|---|---|---|
| 2011-12 | 07 | 38000 | 38000/- | --- |
| 2012-13 | -- | -- | -- | -- |
| 2013-14 | -- | -- | -- | -- |

5. ദുർബല വിഭാഗങ്ങൾക്കുള്ള ഭൂമി വാങ്ങൽ

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ഡി. ഡി. ഒ യിൽ നിന്നും അനുദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ ചെയ്ത തുക |
|---|---|---|---|---|
| 2011-12 | 06 | 15,00000 | 1500000 | --- |
| 2012-13 | 01 | 25000 | 25000 | --- |
| 2013-14 | 05 | 1250,000 | 1250000 | -- |

6. സൈക്കിൾ വിതണം

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ഡി. ഡി. ഒ യിൽ നിന്നും അനുദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ ചെയ്ത തുക |
|---|---|---|---|---|
| 2011-12 | 440 | 1320000 | 1320000 | -- |
| 2012-13 / 2013-14 | NIL | NIL | NIL | -- |

7.വിജ്ഞാൻവാടി

| | | | | |
|---|---|---|---|---|
| 2011-12 | NIL | NIL | NIL | -- |
| 2012-13 | 01 | 4010 | 4010 | -- |
| 2013-14 | 01 | 13,000 | 4715 | 8285 |

8.സ്പെഷ്യൽ ഇൻസെന്റീവ്

2011-12 മുതൽ 2013-14 വരെയുള്ള കാലയളവിൽ സ്പെഷ്യൽ ഇൻസെന്റീവ് ഇനത്തിൽ തുകയൊന്നും ചെലവഴിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച വിശദീകരണം നല്കേണ്ടതാണ്.

9.പാരലൽ കോളേജ് വിദ്യാഭ്യാസ ആനുകൂല്യം പട്ടികജാതി വിഭാഗം

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | അനുദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ ചെയ്ത തുക |
|---|---|---|---|---|
| 2011-12 | --- | | | -- |
| 2012-13 | 24 | 1,44,025 | 1,44,025 | -- |
| 2013-14 | 27 | 1,96,050 | 1,96,050 | -- |

10 മറ്റർഹ വിഭാഗം

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | അനുദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ ചെയ്ത തുക |
|---|---|---|---|---|
| 2011-12 | --- | -- | | -- |
| 2012-13 | 10 | 64,414 | 64,414 | -- |
| 2013-14 | 17 | 1,11,385 | 1,11,385 | -- |

11.പ്രീ പ്രൈമറി ധനസഹായം

ഒന്നു മുതൽ 4 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നല്കിയ വിദ്യാഭ്യാസാനുകൂല്യം 2011-12 മുതൽ 2013-14 വരെ ഈ ഇനത്തിൽ തുകകൾ ഒന്നും അനുവദിച്ചിട്ടില്ല.

12. ഫീസ് റീ-ഇംബേഴ്സ്മെന്റ് പദ്ധതി

| | | | | |
|---|---|---|---|---|
| 2011-12 | NIL | NIL | NIL | NIL |
| 2012-13 | 11 | 14,663 | 14,663 | NIL |
| 2013-14 | 10 | 13,330 | 13,330 | NIL |

13.അയ്യൻകാളി ടാലന്റ് സെർച്ച് ഡവലപ്മെന്റ് സ്കീം

| | | | | |
|---|---|---|---|---|
| 2011-12 | 02 | 9000 | 9000 | -- |
| 2012-13 | 18 | 81000 | 81000 | -- |
| 2013-14 | 13 | 58,500 | 58,500 | -- |

പൊതു അഭിപ്രായം

8 പഞ്ചായത്തുകൾ ഉൾപ്പെട്ട അഞ്ചൽ ബ്ലോക്ക് പട്ടികജാതി വികസന ആഫീസിൽ ഗ്രേഡ്-I പട്ടിക ജാതി വികസന ആഫീസറും ഒരു സീനിയർ ക്ലാർക്കും, ഒരു അപ്രന്റീസ് ക്ലാർക്ക് എന്നിവരും 8 പ്രെമോട്ടർമാരും ജോലി ചെയ്തു വരുന്നു. ആഫീസ് രേഖകൾ അടുക്കും ചിട്ടയോടും കൂടി സൂക്ഷിക്കുന്നില്ല. മതിയായ ജീവനക്കാർ ഉണ്ടായിട്ടും രജിസ്റ്ററുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ഓരോ സാമ്പത്തിക വർഷത്തെയും ധനസഹായം അനുവദിച്ചു നല്കിയ അപേക്ഷകൾ അടുക്കും ചിട്ടയോടും സൂക്ഷിച്ചു കാണുന്നില്ല.

ഈ ആഫീസിൽ നിന്നും ഒത്തു നോക്കാത്ത കണക്കുകളുടെ വിവര മടങ്ങിയ പുരോഗതി റിപ്പോർട്ട് അല്ലാതെ മറ്റൊരു പദ്ധതികളുടെയും മാസാന്ത്യ റിപ്പോർട്ടുകൾ പോലും ജില്ലാ പട്ടിക ജാതി വികസന ഓഫീസർക്ക് അയച്ചു കൊടുത്ത് കാണുന്നില്ല. ഭൂമി വിതരണവുമായി ബന്ധപ്പെട്ട് നിലവിലെ വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചു കാണുന്നില്ല. ഭവന നിർമ്മാണം-ഇ-ഹൗസിംഗ് ആണെങ്കിൽ പോലും Forward ചെയ്യുന്ന വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. പ്രൊമോട്ടർമാരുടെ വർക്ക് ഡയറി, അറ്റൻഡൻസ് സർട്ടിഫിക്കറ്റ് എന്നിവ വാങ്ങി സൂക്ഷിച്ചിട്ടില്ല.

ടോയ്‌ലറ്റ്, ഭവന പുനരുദ്ധാരണം എന്നിവയുടെ രജിസ്റ്ററുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയതായി കാണുന്നില്ല. വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്ത ശേഷം സ്കൂളുകളിൽ നിന്നും ആവശ്യമായ അക്വിറ്റൻസും ലിസ്റ്റും കൃത്യമായി വാങ്ങുന്നില്ല. അതിനാൽ ചെലവഴിച്ച തുകയുടെ വിനിയോഗ വിവരം പൂർണ്ണതയിലാക്കാൻ കഴിയുന്നില്ല.

ഓരോ സാമ്പത്തിക വർഷത്തെയും കണ്ടിജന്റ് ബില്ലുകൾ ശമ്പള ബില്ലുകൾ (സ്പാർക്ക്) ക്രമമായി അടുക്കി സൂക്ഷിക്കുന്നില്ല. ക്യാഷ് ബുക്ക് ഉൾപ്പെടെയുള്ള രജിസ്റ്ററുകളിൽ ധാരാളം വെട്ടിത്തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. SCP ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല.

ആവശ്യമായ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാതെ ഭൂമി നല്കിയതായി കാണുന്നു. ക്ളാർക്കിന്റെയും പ്രൊമോട്ടർമാരുടെയും പരമാവധി സേവനം പ്രയോജനപ്പെടുത്തി ഓഫീസിന്റെ പ്രവർത്തനം വളരെ സുതാര്യമായ രീതിയിൽ നടത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

സീനിയർ ഫിനാൻസ് ഓഫീസർ

എ.എസ്